# നീതിയുടെ നിലനിൽപിന് സാക്ഷ്യം വഹിക്കേണ്ടവർ

**നീതിയു**ടെ നിലനിൽപ് ജനതയുടെ നില നിലൽപിന്റെ തന്നെ അടിസ്ഥാനമാണ്. നീതിക്ക് സാക്ഷ്യം വഹിക്കേണ്ടവർ അതിന് മുന്നിട്ടിറങ്ങണമെന്ന ആഹ്വാനം നഗരവീഥികളിൽ കണ്ടപ്പോൾ, സത്യ-ധർമങ്ങൾ അന്യമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ യുവാക്കളിലൂടെ അവ സാക്ഷാത്കരിക്കപ്പെടുമെന്ന പ്രത്യാശ.

നാളെയുടെ വാഗ്ദാനങ്ങളെന്നാണ് യുവസമൂഹത്തെ വിശേഷിപ്പിക്കാറ്. എന്നാൽ, നന്മയും മൂല്യങ്ങളും അന്യമായ യുവതക്ക് എന്ത് വാഗ്ദാനമാണ് നാളേക്ക് നൽകാനാവുക? ഇന്നത്തെ മുതിർന്ന രാഷ്ട്രീയ നേതാക്കളിൽ ഭൂരിഭാഗവും വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്നവരാണ്. ഇവരിൽ വിരലിലെണ്ണാവുന്ന ചുരുക്കം ചിലരൊഴികെ രാഷ്ട്രീയത്തെ സ്വയംസേവനത്തിനുള്ള ഉപാധിയാക്കി മാറ്റി. 'രാഷ്ട്രീയ തൊഴിലി'ന്റെ അനന്തസാധ്യതകൾ തിരിച്ചറിഞ്ഞവർ അധികാരസിംഹാസനത്തിലേക്കുള്ള ചവിട്ടുപടിയായാണ് യുവജനപ്രസ്ഥാനങ്ങളെ കണ്ടത്. നെറികെട്ട രാഷ്ട്രീയ കുതിരകച്ചവടങ്ങളിലെ ഉരുപ്പടികളായി മാറിയ കുട്ടിനേതാക്കളെക്കൊണ്ട് നിറഞ്ഞ ഇന്നത്തെ 'യുവജന'പ്രസ്ഥാനങ്ങളിൽ ഭൂരിഭാഗവും പേരിനോടുപോലും നീതി പുലർത്താനാവാത്ത അവസ്ഥയിലാണ്. ആദർശ പ്രതിബദ്ധതയുണ്ടാവേണ്ട യുവജന പ്രസ്ഥാനങ്ങളും കർമോത്സുകരാവേണ്ട യുവതയും കർത്തവ്യം വിസ്മരിച്ച് നിഷ്ക്രിയരായപ്പോൾ പൈശാചികഭാവം പൂണ്ട ഛിദ്രശക്തികൾ സമൂഹത്തിൽ ആധിപത്യമുറപ്പിച്ചു. തെളിഞ്ഞും മറഞ്ഞുമെത്തിയ പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശം കൂടി ചേർന്നപ്പോൾ തിരിച്ചുവരാനാവാത്തവിധം യുവമനസ്സുകൾ അവക്ക് അടിപ്പെട്ടുപോയി.

വിദ്യാഭ്യാസത്തിലൂടെയുള്ള അറിവും സംസ്കാരവും കൊണ്ട് ഉദ്ബുദ്ധരായ യുവജനങ്ങൾ സമൂഹത്തിന്റെ കരുത്തായിരുന്നു. എന്നാൽ, വിദ്യാഭ്യാസം വൻ ബിസിനസ്സായും ധനസമ്പാദനത്തിനു മാത്രമുള്ളതായും അധഃപതിച്ചപ്പോൾ മൂല്യങ്ങളുടെ അടിവേരിളകി. ഉയർന്ന വിലകൊടുത്ത് നേടിയ അറിവുകൾ അതിനേക്കാൾ ഉയർന്ന വിലയ്ക്ക് വിൽക്കാനുള്ളതായപ്പോൾ മനസ്സുകളിൽ ലാഭചിന്തക്ക് മാത്രമായി സ്ഥാനം. പ്രാണവേദനയാൽ പിടയുന്ന രോഗിയെ അവഗണിക്കുന്ന ഡോക്ടർമാരും, നിർമിച്ചതിന്റെ പിറ്റേന്ന് തകരുന്ന റോഡും പാലവുമൊക്കെ പണിയുന്ന എഞ്ചിനീയർമാരും മുതൽ മതപണ്ഡിതന്മാർ വരെയുള്ളവർ കടമകൾ വിസ്മരിച്ച് അറിവിനെ (തൊഴിലിനെ) വിൽപനക്ക് വെച്ചപ്പോൾ ജീവിതത്തിന്റെ നീതിസംഹിതകളോട് വിടപറഞ്ഞ യന്ത്രസമാനമായൊരു ജനത സൃഷ്ടിക്കപ്പെടുകയായിരുന്നു.

പോലീസ് സേനയിൽ വർധിച്ചുവരുന്ന ക്രിമിനലുകളെക്കുറിച്ച് ഉത്തരവാദപ്പെട്ടവർതന്നെ ആശങ്കപ്പെടുകയാണ്. പണവും സ്വാധീനവും നീതിയുടെ മാനദണ്ഡമായി മാറിയ ഇന്നത്തെ നീതിശാസ്ത്രമാണ് യുവതയിൽ ക്രിമിനൽ മനോഭാവം വളർത്തുന്നത് എന്ന കാര്യം മറന്നുകൂടാ. മാഫിയാ സംഘങ്ങളിലേക്ക് ആകർഷിക്കപ്പെടുന്ന ചെറുപ്പക്കാർക്ക് എളുപ്പം പണം സമ്പാദിക്കാനുള്ള മാർഗം എന്നതോടൊപ്പം എന്തു വന്നാലും സംരക്ഷിക്കാൻ ആളും അർഥവുമുണ്ടെന്ന അറിവും പ്രലോഭനമാവുന്നുണ്ട്. തൊഴിലില്ലാത്ത യുവാക്കൾ വർധിച്ചുവരുന്ന സമൂഹത്തിൽ ഗുണ്ടാ-മാഫിയാ സംഘങ്ങളിലെ അഭ്യസ്തവിദ്യരായ യുവാക്കളുടെ ആധിക്യം ഉത്കണ്ഠാജനകമാണ്. ഇരുളിന്റെ മറവിൽ തെരുവിൽ ശരീരം വിറ്റിരുന്നവർ 'ലൈംഗിക തൊഴിലാളികളാ'യി അവകാശസംരക്ഷണങ്ങൾക്ക് പരസ്യമായി സംഘടിക്കുകയും സാംസ്കാരിക കേരളം അവരെ ഏറ്റെടുക്കുകയും ചെയ്തത് കാണേണ്ടിവന്ന നമുക്ക് ക്രിമിനലുകളും സാമൂഹികവിരുദ്ധരും അവകാശങ്ങൾക്കു വേണ്ടി സംഘടിക്കുന്നതും കാണേണ്ടിവരുമോ എന്ന ആശങ്ക പങ്കുവെക്കപ്പെടേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ, യാഥാർഥ്യം തിരിച്ചറിഞ്ഞവർ പ്രതിഷേധത്തിന്റെ ഒറ്റപ്പെട്ടതെങ്കിലും കരുത്തുറ്റ ശബ്ദം ഉയർത്തുന്നത് ശുഭോദർക്കമാണ്. ഈ ശബ്ദത്തിന്റെ അനുരണനങ്ങൾക്ക് ശക്തിപകരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**സീനാ കുഞ്ഞാലി**
**തിരുവനന്തപുരം**

● **കത്തുകൾ**




## മുശ്‌രിക്കുകളുടെ 'റുബൂബിയ്യത്ത്'

**കെ.എ ഖാദിർ** ഫൈസി എഴുതിയ ലേഖനത്തിൽ ('പുണ്യവാള പൂജക്കെതിരെ ഇസ്‌ലാമിന്റെ ജാഗ്രത'-ഫെബ്രുവരി 10) വന്ന ഒരു പരാമർശത്തോടുള്ള വിയോജിപ്പ് രേഖപ്പെടുത്തട്ടെ:

വേദക്കാരും മക്കാ മുശ്‌രിക്കുകളുമൊക്കെ അല്ലാഹുവിന്റെ റുബൂബിയ്യത്ത് അംഗീകരിച്ചിരുന്നുവെന്നും പ്രവാചകന്മാർ ഉലൂഹിയ്യത്തിനെക്കുറിച്ച് മാത്രമാണ് സംസാരിച്ചതെന്നും ലേഖകൻ പറയുന്നു. ഇത് ശരിയല്ല.

യഥാർഥത്തിൽ മേലെ ഒരു ദൈവമുണ്ട് എന്ന അർഥത്തിലുള്ള റുബൂബിയ്യത്ത് മാത്രമാണ് പൂർവിക ജനത സമ്മതിച്ചിരുന്നത് ( ഈ അർഥത്തിൽ ഉലൂഹിയ്യത്തും അവർ സമ്മതിച്ചിരുന്നു). ആ ദൈവം പക്ഷേ തങ്ങളുടെ ആദർശവിശ്വാസമടക്കമുള്ള ദൈനംദിന ജീവിതമേഖലകളെ ഭരിക്കുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. മറ്റൊരു വിധംപറഞ്ഞാൽ അല്ലാഹുവിന്റെ റുബൂബിയ്യത്ത് ഒരിക്കലും പൂർണ അർഥത്തിൽ ജാഹിലിയ്യാ സമൂഹങ്ങൾ സമ്മതിച്ചിരുന്നില്ല. അതിനു പകരം റുബൂബിയ്യത്തിനെ അവർ രണ്ടായി പകുത്തു (അതിന്റെ കാലിക ഭാഷയത്രെ 'മറഞ്ഞ വഴി'യും 'തെളിഞ്ഞ വഴി'യും). ഈ രണ്ടു വഴികളിലും അവർ ശിർക്ക് ചെയ്തിരുന്നതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. മറഞ്ഞ വഴിയിലൂടെ മലക്കുകൾ, വിഗ്രഹങ്ങൾ, ജിന്നുകൾ, നക്ഷത്രങ്ങൾ, പ്രവാചകന്മാർ, പുണ്യാത്മാക്കൾ തുടങ്ങിയവയെ ദൈവത്തോട് ചേർത്തുകെട്ടിയപ്പോൾ തെളിഞ്ഞ വഴിയിലൂടെ രാജാക്കന്മാർ, നേതാക്കന്മാർ, ഗോത്രത്തലവന്മാർ, ദേഹേഛ, യുക്തിവാദം തുടങ്ങിയവയെ ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ചു. അതുവഴി അന്തിമ വിശകലനത്തിൽ റുബൂബിയ്യത്തിനെയും ഉലൂഹിയ്യത്തിനെയും വിവിധ ഖണ്ഡങ്ങളായി വിഭജിച്ചു. അപ്പോഴും മേലെ ഒരു ദൈവമുണ്ടെന്ന് 'വിശ്വസിക്കുക'യും ചെയ്തു!

**ജമാൽ കടന്നപ്പള്ളി**

# 'ഹലാൽ റസ്റ്റോറന്റ്'

**ഭക്ഷ്യവസ്തുക്കളുടെ** ഉൽപാദനവും വിതരണവും സമ്പന്ന രാഷ്ട്രങ്ങളിലെ വ്യവസായ കുത്തകളാണ് ഇന്ന് നടത്തുന്നത്. സാങ്കേതികവിദ്യയുടെ സഹായത്തോടെ മാരകമായ രാസപദാർഥങ്ങൾ ഉപയോഗിച്ച് തയാറാക്കി വിപണിയിൽ എത്തിക്കുന്ന ഭക്ഷ്യവിഭവങ്ങൾ ആഗോളതലത്തിൽ മുഖ്യ ആഹാരമായി മാറിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ യൂറോപ്യൻ നാടുകളിൽ എത്തിപ്പെടുന്ന മതനിഷ്ഠ പാലിക്കുന്ന മുസ്‌ലിം ഭക്ഷണകാര്യത്തിൽ വളരെ സൂക്ഷ്മത പാലിക്കേണ്ടിയിരിക്കുന്നു. ലണ്ടനിൽ 'ഹലാൽ റസ്റ്റോറന്റ്' എന്ന ബോർഡ് തൂക്കിയ ഹോട്ടലിൽ കയറി ആഹാരം കഴിക്കാമെന്ന് കരുതിയാൽ കാര്യം അബദ്ധം തന്നെയായിരിക്കും. പണ്ട് ഏഷ്യൻ വംശജനായ ഒരു മുസ്‌ലിം 'ഹലാൽ റസ്റ്റോറന്റ്' എന്ന പേരിൽ തുടങ്ങി പിന്നീട് പലതവണ വിറ്റ് കൈമാറി ഇന്നും പേരു മാറ്റാതെ ആരോ ഏറ്റെടുത്ത് നടത്തുന്നതാണിത്. ഇത്തരം 'ഹലാൽ റസ്റ്റോറന്റുകൾ' ലണ്ടൻ നഗരത്തിൽ നിരവധിയുണ്ട്. ഫാമുകളിലും ഫാക്ടറികളിലും ഉൽപാദിപ്പിച്ച് വിപുലമായ സംഭരണ-വിതരണ ശൃംഖലകൾ വഴി എത്തുന്ന വിഭവങ്ങളാണ് ഇവിടങ്ങളിലുള്ളത്. സ്വാഭാവികമായും അവയുടെയെല്ലാം നാടൻപേരുകളും പര്യായങ്ങളും വിദേശ സന്ദർശകർക്ക് അപരിചിതമായിരിക്കും. മെനു കാർഡിലെ പേരുകൾ അധികവും ഫ്രഞ്ച് വാക്കുകളായിരിക്കും. സാധനം പോർക്കാണോ എന്ന് വെയിറ്ററോട് ചോദിച്ചാൽ 'അല്ല, സാർ നല്ല ബേക്കൺ ആണ്' എന്നായിരിക്കും മറുപടി. ഉണക്കിയ പന്നിത്തുടയുടെ പേരാണ് ബേക്കൺ. ഹാം, ബേക്കൺ, ഗാമൺ, സോസേജ്, സലാമി, ഫ്രാങ്ക് ഫർട്ടർ, ടോട്ടർ, ഹേസ്‌ലറ്റ് എന്നിങ്ങനെ പന്നിമാംസം അതിന്റെ ശരീരഭാഗങ്ങൾക്കനുസരിച്ചും പാചകരീതിക്കും ചേരുവകൾക്കുമനുസരിച്ചും പല പേരുകളിലാണ് അറിയപ്പെടുന്നത്. പൊതുവെ വിലകുറവുള്ള ഈ മാംസം ഏത് റസ്റ്റോറന്റിലും സുലഭമാണ്. ഇനി ഹലാൽ രീതിയിൽ അറുത്ത മാംസം എന്ന് പ്രത്യേകം പരസ്യപ്പെടുത്തിയ ഹോട്ടലിലെ മാട്ടിറച്ചിയോ കോഴിയോ മത്സ്യമോ ആവാം എന്ന് കരുതിയാലും സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഇവിടെ പാചകത്തിനുപയോഗിക്കുന്ന വിലകുറഞ്ഞ എല്ലാതരം നെയ്യും ലാർഡ് എന്നറിയപ്പെടുന്ന പന്നിക്കൊഴുപ്പ് ചേർത്ത് തയാറാക്കിയതാണ്.

മറ്റൊരു പ്രശ്നം പാനീയമാണ്. മുഖ്യ ഭക്ഷണത്തോടൊപ്പം വെള്ളത്തിനു പകരം ഇതര പാനീയങ്ങളാണ് നൽകാറ്. പ്രത്യേകം ആവശ്യപ്പെടുന്നവർക്ക് ചായയും കാപ്പിയും മറ്റും ലഭിക്കുമെങ്കിലും പതിവായി മേശപ്പുറത്തെത്തുന്നത് എവിടെയും സുലഭമായ ബിയർ തന്നെയായിരിക്കും. മനസ്സിലാകാതെ ചോദിച്ചാൽ 'ബിയർ അല്ല, ലാഗർ ആണ്' എന്നായിരിക്കും മറുപടി. 'ബിയർ വേണമെങ്കിൽ തരാം' എന്നുകൂടി പറയുമ്പോൾ കൂടുതൽ ആശയക്കുഴപ്പത്തിലാകുന്നു. ലാഗർ, സിഡർ, ബിറ്റർ, എയിൽ എന്നിങ്ങനെ വ്യത്യസ്ത വീര്യവും നിറവുമുള്ള തണുപ്പിച്ച ബിയർ കുപ്പിയിലും ടിന്നിലും വിൽക്കപ്പെടുന്നു. ബിയർ ഒരു പാനീയമായി മാത്രം കരുതപ്പെടുന്നതുകൊണ്ട് ഇവ വിൽക്കാനോ വിളമ്പാനോ ഇവിടെ ബാർ ലൈസൻസ് ആവശ്യമില്ല.

ഇനി കേക്കുകളോ പേസ്ട്രികളോ വാങ്ങി കഴിക്കാം എന്ന് കരുതിയാലോ? ക്രിസ്മസ്, പുതുവത്സരം, ഈസ്റ്റർ പോലുള്ള വിശേഷാവസരങ്ങളിൽ തയാറാക്കുന്ന സ്പെഷ്യൽ കേക്കുകളിലും മറ്റു പലഹാരങ്ങളിലും പലതരത്തിലുള്ള മദ്യവും വൈനും മറ്റും ചേർത്താണ് തയാറാക്കുന്നതെന്നത് പലർക്കും അജ്ഞാതമാണ്. ഉള്ളിൽ മദ്യം നിറച്ച് പ്രത്യേകമായി നിർമിക്കുന്ന പ്രശസ്ത കമ്പനികളുടെ ചോക്ക്‌ലേറ്റുകളുടെ ആകർഷകമായ ഗിഫ്റ്റ് പേക്കറ്റുകൾ ഈ വിശേഷാവസരങ്ങളിൽ മാർക്കറ്റിൽ നിറയുന്നു. 2006 നവംബർ പതിനാലിന് ഒരു പ്രമുഖ മലയാള ദിനപത്രത്തിൽ വന്ന സചിത്ര വാർത്ത നമ്മുടെ നാട്ടിലും പാശ്ചാത്യ ഭക്ഷണരീതിയുടെ കടന്നുകയറ്റം എത്രത്തോളമെത്തി എന്ന് വെളിപ്പെടുത്തുന്നു. കോഴിക്കോട്ടെ ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ ക്രിസ്മസിനോടനുബന്ധിച്ച പരിപാടിയിൽ ഇരുപതു തരം പഴങ്ങളും വ്യത്യസ്ത ബ്രാൻഡിലുള്ള വിദേശ മദ്യവും ഉപയോഗിച്ച് പല പ്രമുഖരുടെയും സാന്നിധ്യത്തിൽ കേക്ക് മിക്സിംഗ് നടത്തിയത്രെ.

**മുനഫർ കൊയിലാണ്ടി**

# നേർച്ചയുത്സവങ്ങളും ഇസ്‌ലാമും തമ്മിലെന്ത്?

**മഖ്ബറകളുമായി** ബന്ധപ്പെടുത്തി ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ലേബലിൽ കൊണ്ടാടപ്പെടുന്ന നേർച്ചയുത്സവങ്ങളും ഇസ്‌ലാമും തമ്മിൽ എന്ത് ബന്ധമാണുള്ളതെന്ന ചോദ്യം ശക്തമായി ഉന്നയിക്കപ്പെടേണ്ടതുണ്ട്.

നെറ്റിപ്പട്ടം കെട്ടിയ ആന, ആനപ്പുറത്തിരിക്കുന്ന പരസ്യബോർഡുകൾ, ശിങ്കാരിമേളവും ബാന്റ് മേളവും, വെടിക്കെട്ട്, സ്വൈരവിഹാരം നടത്തുന്ന സ്ത്രീകൾ, കൂത്താടുന്ന ലക്കും ലഗാനുമില്ലാത്ത ചെറുപ്പക്കാർ ഇതൊക്കെയാണ് നമ്മുടെ നാട്ടിലെ നേർച്ചകളിലെ നേർകാഴ്ചകൾ. ഇവയോരോന്നിനോടും ഇസ്‌ലാമിനുള്ള സമീപനം സുതരാം വ്യക്തമായിരുന്നിട്ടും ഈ അനാചാരം നിലനിർത്താൻ സമുദായത്തിന് ദിശാബോധം നൽകേണ്ട പണ്ഡിതരും നേതാക്കളും രംഗത്തിറങ്ങുന്നത് ദുഃഖകരമാണ്.

നേർച്ചയുത്സവങ്ങൾ ഇസ്‌ലാമിന്റെ സംസ്കാരമല്ല. അത് മുസ്‌ലിംകളുടെ ആഘോഷവുമല്ല. നേർച്ചകൾ ആഘോഷിച്ചു തകർക്കുന്നത് കച്ചവടക്കാരും മറ്റും തൽപരകക്ഷികളും മാത്രമാണ്. ഈ വിഷയകമായി *പ്രബോധനം* പ്രസിദ്ധീകരിച്ച കവർ സ്റ്റോറി നന്നായി.

**വി.എം ജാബിർ അഹ്മദ്, എറവക്കാട്**